# ബറാഅത്ത് രാവും ഇസ്റാഅ് മിഅ്റാജും

രചന

ശൈഖ് അബ്ദുൽ അസീസ് ബ്ൻ ബാസ് (റ)

**വിവർത്തനം**

**മുഹമ്മദ് കുട്ടി കടന്നമണ്ണ- മങ്കട**

www.islamhouse.com

**١٤٢٨هـ - ٢٠٠٧م**

المكتب التعاوني للدعوة وتوعية الجاليات بالربوة

**Islamic Propagation Office in Rabwah**

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

# الاحتفال بليلة النصف من شعبان
# والاحتفال بليلة الإسراء والمعراج

( باللغة المليبارية )

تأليف فضيلة الشيخ /

عبد العزيز بن عبد الله بن باز

رحمه الله وأسكنه فسيح جناته

ترجمة

محمد كوتي أبوبكر

www.islamhouse.com

١٤٢٨هـ - ٢٠٠٧م

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

# ബറാഅത്ത് രാവും
# ഇസ്റാഅ് മിഅ്റാജും

# താളുകളിൽ


പേജ്

1. മുഖവുര 5
2. ബറാഅത്ത് രാവ് ആഘോഷം 6
3. ഇസ്റാഉം മിഅ്റാജും 15


**********

# മുഖവുര

പ്രവാചക ചര്യയിൽ പെടാത്ത പല വിശ്വാസാചാരങ്ങളും പിൽക്കാലത്ത് മുസ്ലിംകൾക്കിടയിൽ കടന്നുകൂടുകയുണ്ടായി. അവ ഊട്ടിയുറപ്പിക്കാനുള്ള പൗരോഹിത്യ ശ്രമങ്ങൾ വർത്തമാന കാലത്തും തകൃതിയായി നടന്നുകൊണ്ടിരിക്കുന്നു.

കേരളമുസ്ലിംകളിൽ കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളി ൽ പെട്ടതാണ് ബറാഅത്ത് രാവ് ആഘോഷവും ഇസ്റാഅ് മിഅ് റാജ് രാവ് ആഘോഷവും. ഇതു സംബന്ധമായി സൗദി അറേബ്യയി ൽ മുൻ ഗ്രാന്റ് മുഫ്തിയും പണ്ഡിത സഭാദ്ധ്യക്ഷനുമായിരുന്ന ഫദീലത്തു ശൈഖ് അബ്ദുൽ അസീസ് ബ്നു അബ്ദുല്ലാഹിബ്നു ബാസ് (റ)യോട് ചോദിക്കപ്പെട്ട ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടിയുടെ വിവർത്തനമാണ് ഈ കൊച്ചു കൃതി.

സത്യം മനസ്സിലാക്കാനും അത് ഉൾക്കൊണ്ട് ജീവിതത്തിൽ പകർത്താനും അല്ലാഹു തൗഫീഖ് നൽകട്ടെ, ആമീൻ.

–വിവർത്തകൻ

**********

## الاحتفال بليلة النصف من شعبان

## ബറാഅത്ത് രാവ് ആഘോഷം

മതത്തിൽ പ്രവാചകൻ പഠിപ്പിച്ചിട്ടില്ലാത്തതും ജന ങ്ങൾ ഉണ്ടാക്കുന്നതുമായ മുഴുവൻ കാര്യങ്ങളും പുത്തൻ നിർമ്മിതികളാണെന്നും അതെല്ലാം തള്ളപ്പെടേണ്ടതാണെ ന്നും ഖുർആനും പ്രവാചകമൊഴികളും വ്യക്തമാക്കുന്നു. അതുണ്ടാക്കിയവന്റെ ഉദ്ദേശ്യം നല്ലതായിരുന്നുവെച്ച് അത് അനുവദനീയമാകുന്നില്ല. സ്വഹാബിമാരും സലഫുകളായ മുൻ പണ്ഡിതന്മാരും ഇക്കാര്യം പ്രത്യേകം ഊന്നിപ്പറയുക യും ബിദ്അത്തത്തുകൾക്കെതിരെ ജനങ്ങളെ താക്കീത് ചെ യ്യുകയും ചെയ്തിരുന്നു.

അപ്രകാരം ജനങ്ങളുണ്ടാക്കിത്തീർത്ത ബിദ്അത്തു കളിലൊന്നാണ് ശഅ്ബാൻ 15ന് ബറാഅത്ത് രാവിന്റെ പേ രിൽ ഉണ്ടാക്കപ്പെട്ട ആഘോഷാചാരങ്ങൾ. ചിലർ ശഅ്ബാ ൻ 15ന് പ്രത്യേകം നോമ്പുപിടിക്കുകയും ആ രാത്രിയിൽ പ്രത്യേകം നമസ്കാരം നിർവ്വഹിക്കുകയും ചെയ്യുന്നു. ഇത് യാതൊരു അടിസ്ഥാനവും തെളിവുമില്ലാത്തതാണ്. ഈ ദി വസത്തിന്റെ പോരിശ പറയുന്ന ചില ദുർബ്ബലമായ റിപ്പോർ ട്ടുകൾ ഉദ്ദരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ അത് തെളിവിന് കൊള്ള രുതാത്തതും അടിസ്ഥാന രഹിതവുമാണ്. ആ രാവിലുള്ള നമസ്കാരത്തിന്റെ കാര്യത്തിൽ വന്നിട്ടുള്ള റിപ്പോർട്ടുക ളൊക്കെയും കള്ള ഹദീസുകളാണ്. ഇക്കാര്യം പണ്ഡിതന്മാ രൊക്കെയും വ്യക്തമാക്കിയിട്ടുണ്ട്. ഭൂരിപക്ഷം പണ്ഡിതരും ഈ ദിവസത്തെ ആഘോഷിക്കുന്നതിനെക്കുറിച്ച് വ്യക്ത മാക്കിയിട്ടുള്ളത് അത് ബിദ്അത്താണെന്നാണ്. ഈ വിഷയ കമായി റിപ്പോർട്ട് ചെയ്ത ഹദീസുകളൊക്കെയും ദുർബ്ബല ങ്ങളുമാണ്.

മതത്തിലുള്ള ഭിന്നതകൾ മടക്കേണ്ടത് പ്രമാണങ്ങ ളിലേക്കാണ്. ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കി ക്കഴിഞ്ഞാൽ, അല്ലാഹുവിന്റെയും റസൂലിന്റെയും വിധി വ ന്നു കഴിഞ്ഞാൽ പിന്നീട് ഒരു വിശ്വാസിക്കോ വിശ്വാസിനി ക്കോ അതിൽ സ്വാഭീഷ്ടം സ്വീകരിക്കാൻ പാടുള്ളതല്ല. അ താണ് ഈമാനിന്റെ തേട്ടവും ദൈവദാസന്മാർക്ക് എന്നെന്നേ ക്കും ഗുണകരവും.

അൽ ഹാഫിദ് ഇബ്നു റജബ് (റ) തന്റെ ഒരു ഗ്രന്ഥ ത്തിൽ ഇവ്വിഷയകമായി ചില അഭിപ്രായങ്ങൾ പറഞ്ഞതായി കാണാം. എന്നാൽ ഈ അഭിപ്രായത്തിന് അടിസ്ഥാനമില്ലെ ന്നതാണ് പണ്ഡിത വീക്ഷണം. ദുർബ്ബലവും അപരിചിതവു മാണ് ഇത്തരം വീക്ഷണങ്ങൾ. കാരണം ശറഇയായ തെളി വുകൾ കൊണ്ട് സ്ഥിരപ്പെട്ടിട്ടില്ലാത്ത ഒന്നും തന്നെ അല്ലാ ഹുവിന്റെ മതത്തിൽ

നിയമമാണെന്ന് ഒരു മുസ്‌ലിമിന്ന് പറ യാവതല്ല. നബി (സ)യുടെ വചനം ഇതാണ് പഠിപ്പിക്കുന്ന ത്: അദ്ദേഹം പറയുന്നു:

( من عمل عملاً ليس عليه أمرنا فهو رد )

‘നമ്മുടെ കൽപ്പനയില്ലാത്ത വല്ലതും ആരെങ്കിലും (മതത്തിന്റെ പേരിൽ) ചെയ്താൽ അത് തള്ളപ്പെടേ ണ്ടതാ കുന്നു’.

അബൂബക്ർ അൽ ത്വർത്വൂശി (റ) തന്റെ الحـــوَادِثُ وَالْبِـــدَعُ എന്ന ഗ്രന്ഥത്തിൽ പറയുന്നു: ‘നമ്മുടെ ശൈഖുമാരിലോ കർമ്മ ശാസ്ത്ര പണ്ഡിതരിലോ പെട്ട ആരെങ്കിലും ശഅ് ബാൻ 15ലേക്ക് തിരിഞ്ഞു നോക്കുന്നതായി (അതിനെ പരി ഗണിക്കുന്നതായി) നാം കണ്ടിട്ടില്ല. മറ്റു മാസങ്ങളെക്കാൾ ശഅ്ബാനിന് യാതൊരു പ്രാധാന്യവും അവർ നൽകാറു ണ്ടായിരുന്നില്ല’.

’ശഅ്ബാൻ 15ന് ലൈലത്തുൽ ഖദ്റിന്റെ പ്രതിഫല മാണെന്ന്’ സിയാദ് അൽ നുമൈരി’ പറയുന്നതായി ഇബ്നു അബീമുലൈകയോട് പറയപ്പെട്ടു. അപ്പോൾ അദ്ദേഹം പറ ഞ്ഞു: ‘അയാൾ അങ്ങനെ പറയുന്നത് ഞാൻ കേട്ടാൽ, അ പ്പോൾ എന്റെ കയ്യിൽ വടിയുണ്ടെങ്കിൽ ഞാനയാളെ അടി ച്ചുശരിപ്പെടുത്തുമായിരുന്നു. സിയാദ് ഒരു കഠിനനാണ്‘.

അല്ലാമാ ശൗകാനി (റ) തന്റെ الفَوَائِدُ الْمَجْمُوعَة എന്ന ഗ്രന്ഥത്തിൽ പറയുന്നു: ‘അലിയേ, ശഅ്ബാൻ പകുതിയു ടെ രാവിൽ ഓരോ റക്അത്തിലും പത്ത് പ്രാവശ്യം ഫാതി ഹയും ഇഖ്‌ലാസും ഓതിക്കൊണ്ട് നീ നൂറ് റക്അത്ത് നമ സ്കരിച്ചാൽ, നിന്റെ എല്ലാ ആ വശ്യങ്ങളും അല്ലാഹു നിറ വേറ്റിത്തരുന്നതാണ്‘ എന്നത് കള്ളഹദീസാണ്. അതിലെ പ്ര തിഫലത്തെക്കുറിച്ച് പറയുന്നതാവട്ടെ പക്വതയുള്ള ഒരു മനു ഷ്യനും സ്വീകാര്യമാവാത്ത രൂപത്തിലുള്ളതുമാണ്. മാത്ര വുമല്ല, ആ നിവേദന പരമ്പരയിലെ ആളുകൾ പലരും അ ജ്ഞാതരാണ്. മറ്റു വഴികളിലൂടെയും ഇത് റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുണ്ടെങ്കിലും അതിലും പരമ്പരയിലെ കണ്ണികൾ അജ്ഞാതരാണ്. തന്റെ مُخْتَصَـــر എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു: ‘ശഅ്ബാൻ പകുതിക്കുള്ള നമസ്കാരം കളവാ ണ്. അപ്രകാരം തന്നെ അലി (റ)വിൽ നിന്നും ഇബ്നു ഹിബ്ബാൻ ഉദ്ദരിക്കുന്നു: ‘ശഅ്ബാൻ 15 ന്റെ രാത്രി നിങ്ങൾ നിന്ന് നമസ്കരിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുക‘ എന്ന ഹദീസ് ദുർബ്ബലമാണ്. ഇമാം ‘ലാലികാഇ’ പറയുന്നു: ‘ഓരോ റക്അത്തിലും പത്ത് പ്രാവശ്യംവീതം ‘ഇഖ്‌ലാസ്’ ഓതിക്കൊണ്ട് നമസ്കരിക്കണമെന്ന് പറയപ്പെട്ട മൂന്ന് റിപ്പോർട്ടുകളിലും

ദുർബ്ബലരും മജ്ഹൂലുകളുമുണ്ട്. മുപ്പത് ഇഖ്ലാസുകളോടെ പന്ത്രണ്ട് റക്അത്ത് നമസ്കരി ക്കണമെന്നതും, പതിനാല് നമസ്കരിക്കണമെന്നതും കള്ള റിപ്പോർട്ടുകളാണ്.

ഈ റിപ്പോർട്ടുകളിൽ ചില കർമ്മശാസ്ത്ര പണ്ഡിത രും മറ്റും വഞ്ചിതരായിട്ടുണ്ട്. ശഅ്ബാൻ 15ന്റെ നമസ്കാര ത്തെക്കുറിച്ച് വിവിധങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കി ലും അവ മുഴുവനും കളവും ബാത്വിലുമാണ്. ഈ ദിവസം നബി (സ) ബഖീഇലെ ശ്മശാനത്തിലേക്ക് പോവാറുണ്ടാ യിരുന്നുവെന്നും, ആ രാത്രിയിൽ അല്ലാഹു ഒന്നാം ആകാ ശത്തേക്ക് ഇറങ്ങുമെന്നും, കൽബ് ഗോത്രക്കാരുടെ ആടുക ളുടെ രോമത്തിന്റെയത്ര എണ്ണം പാപങ്ങൾ അല്ലാഹു ആ രാ ത്രിയിൽ പൊറുത്തുകൊടുക്കുമെന്നും ഇമാം തുർമുദിയുടേ തായി ആയിശ (റ)യിൽ നിന്ന് വന്ന ഹദീസും സ്വഹീഹല്ല. അതും ബലഹീനവും ഇടയിൽ മുറിഞ്ഞുപോയതുമാണ്.

അൽഹാഫിദുൽ ഇറാഖീ പറയുന്നു: 'ശഅ്ബാൻ 15 നെക്കുറിച്ചുള്ള ഹദീസുകൾ നബി (സ)യുടെ പേരിൽ കള വ് കെട്ടിപ്പറഞ്ഞതാകുന്നു'. ഇമാം നവവി തന്റെ المجموع എ ന്ന ഗ്രന്ഥത്തിൽ പറയുന്നു: 'റജബ് മാസം ആദ്യത്തെ വെ ള്ളിയാഴ്ച മഗ്രിബ്നും ഇശാഇനും ഇടയിൽ റഗാഇബ് എ ന്ന പേരിൽ നമസ്കരിക്കപ്പെടുന്ന പന്ത്രണ്ട് റക്അത്ത് നമ സ്കാരവും, ശഅ്ബാൻ 15ന് നിർവ്വഹിക്കപ്പെടുന്ന നൂറ് റക് അത്ത് നമസ്കാരവും, ഇവ രണ്ടും വെറുക്കപ്പെട്ട ബിദ്അ ത്തുകളാകുന്നു. 'ഖൂതുൽ ഖുലൂബ്, ഇഹ്യാ' എന്നീ ഗ്രന്ഥ ങ്ങളിൽ ഇവ സ്മരിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതും, നേരത്തെ പറയപ്പെട്ട കള്ള ഹദീസുകളും വഞ്ചിക്കപ്പെടാൻ ഇടയാക്ക രുത്. കാരണം അവയൊക്കെത്തന്നെ ബാത്വിലാകുന്നു. ചി ല ഇമാമുകൾ ഇവയോട് സദൃശമായി വിധി പറയുകയും അത് ഉത്തമമാണെന്ന് എഴുതുകയും ചെയ്തിട്ടുണ്ടെന്നത് വഞ്ചിക്കപ്പെടാൻ ഇടയാക്കാതിരിക്കട്ടെ, അവരതിൽ തെറ്റു പറ്റിയവരാണ്' (അൽ മജ്മൂഅ്).

ശൈഖ് ഇമാം അബൂമുഹമ്മദ് അബ്ദു റഹ്മാൻ അ ൽ മഖ്ദസി ശഅ്ബാൻ മാസം നടപ്പിലുള്ള നമസ്കാരവും നോമ്പും ബാത്വിലാണെന്ന് സമർത്ഥിച്ച് വളരെ വിലപ്പെട്ട ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്. അദ്ദേഹം വളരെ ഭംഗിയാ യും സമർത്ഥമായും ഇക്കാര്യങ്ങൾ അതിൽ വിശദീകരിച്ചി ട്ടുമുണ്ട്. ഈ വിഷയത്തിൽ പണ്ഡിതരുടെ വാക്കുകൾ ധാ രാളമാണ്. അവ ഉദ്ദരിക്കുകയാണെങ്കിൽ വളരെ ദീർഘിച്ചു പോകും. സത്യാന്വേഷിക്ക് ഇപ്പോളിവിടെ പറയപ്പെട്ടവ തന്നെ ധാരാളം മതിയാകുന്നതുമാണ്. ഭിന്നതയുള്ള വിഷയങ്ങളി ൽ ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കുകയാണ് വിശ്വാസിയുടെ ബാധ്യത. മതത്തിൽ കടത്തിക്കൂട്ടുന്നവർ അല്ലാഹുവിന്റെ യും റസൂൽ

(സ)യുടെയും പേരിൽ കളവ് കെട്ടിപ്പറയുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

وَمَا اخْتَلَفْتُمْ فِيهِ مِن شَيْءٍ فَحُكْمُهُ إِلَى اللَّهِ

'നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പ് കൽപ്പിക്കുവാനുള്ള അ വകാശം അല്ലാഹുവിനാകുന്നു' (ശൂറാ:10).

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ

'(നബിയേ,) പറയുക, നിങ്ങൾ അല്ലാഹുവെ സ്നേ ഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങ ൾ പൊറുത്തു തരികയും ചെയ്യുന്നതാണ്' (ആലുഇംറാൻ: 31).

ആയിശ (റ)യിൽ നിന്നും നിവേദനം, നബി (സ) പറ ഞ്ഞു: 'നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാ കുന്നു' (ബുഖാരി, മുസ്ലിം).

ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) ജു മുഅ ഖുതുബയിൽ ഇപ്രകാരം പറയാറുണ്ടായിരുന്നു: 'ശേ ഷം ഞാൻ പറയട്ടെ: വർത്തമാനങ്ങളിൽ വെച്ച് ഏറ്റവും ഉ ത്തമമായത് അല്ലാഹുവിന്റെ ഗ്രന്ഥമത്രെ. ചര്യകളിൽ വെച്ച് ഏറ്റവും ഉത്തമമായത് മുഹമ്മദ് (സ) യുടെ ചര്യയാണ്. കാര്യങ്ങളിൽ വെച്ച് ഏറ്റവും മോശമായത് പുതുതായി ഉ ണ്ടാക്കപ്പെട്ടതാകുന്നു. എല്ലാ പുത്തൻ നിർമ്മിതികളും വഴി കേടുമാകുന്നു' (മുസ്ലിം).

ഈ വിഷയകമായി ആയത്തുകളും ഹദീ സുകളും അനേകമാണ്. അവയൊക്കെത്തന്നെ അല്ലാഹു തമ്പുരാൻ ഈ മതത്തെ ഈ സമുദായത്തിന് പരിപൂർത്തിയാക്കിത്ത ന്നിരിക്കുന്നുവെന്നും, അവന്റെ അനുഗ്രഹം പൂർത്തിയാക്കി ത്തന്നിരിക്കുന്നുവെന്നും വ്യക്തമാ ക്കുന്നവയാണ്. അവന്റെ സന്ദേശങ്ങളെ വ്യക്തമായും പൂർണ്ണമായും എത്തിച്ച ശേഷ മല്ലാതെ അല്ലാഹു അവന്റെ പ്രവാചകനെ മരിപ്പിച്ചിട്ടില്ല.

മേൽ പറയപ്പെട്ട ആയത്തുകൾ, ഹദീസുകൾ, പണ്ഡി തരുടെ ഉദ്ധരണികൾ എന്നിവയിൽ നിന്നും ശഅ്ബാൻ 15 ന് പ്രത്യേകമായ നമസ്കാരം നോമ്പ്

പോലെയുള്ള ആചാ രങ്ങൾ നടത്തുന്നത് വെറുക്കപ്പെട്ട ബിദ്അത്താണെന്നും, പ രിശുദ്ധ ദീനിൽ അവക്ക് യാതൊരു അടിസ്ഥാനവുമില്ലെ ന്നും, മറിച്ച് അതെല്ലാം തന്നെ സ്വഹാബത്തിന്റെ കാല ശേ ഷം കടന്നുകൂടിയതാണെന്നും ഒരു സത്യാന്വേഷിക്ക് വ്യക്ത മാവുന്നതാണ്. അല്ലാഹു പറയുന്നു:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا (المائدة : ٣)

'ഇന്നേ ദിവസം നിങ്ങൾക്ക് നാം നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു' (അൽ മാഇദ: 3).

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'വെള്ളിയാഴ്ചയെ നമസ്കാരം കൊണ്ട് നി ങ്ങൾ പ്രത്യേകമാക്കരുത്. അതിന്റെ പകലിനെ നോമ്പുകൊ ണ്ടും പ്രത്യേകമാക്കരുത്, സാധാരണ നോമ്പുപിടിച്ചു വരു ന്ന ഒരാളല്ലാതെ'.

ഏതെങ്കിലും രാത്രിയിൽ പ്രത്യേകമായി വല്ല ആരാ ധനയും നടത്താമായിരുന്നുവെങ്കിൽ വെള്ളിയാഴ്ച രാത്രി യിൽ അത് ഏറ്റവും കൂടുതൽ അർഹമാകുമായിരുന്നു. കാ രണം സൂര്യനുദിച്ച ദിവസങ്ങളിൽ വെച്ചേറ്റവും ശ്രേഷ്ഠമാ ണ് വെള്ളിയാഴ്ച. അതിൽ പ്രത്യേകമായി ആരാധനകളൊ ന്നും

ഉണ്ടാക്കാൻ പാടില്ലെന്ന് നബി (സ) താക്കീത് ചെയ് തെങ്കിൽ മറ്റുള്ള കാലങ്ങളിൽ അത് കൂടുതൽ ഗൗരവതര മാകുന്നു.

റമദാനിന്റെ രാവുകളിലും ലൈലത്തുൽ ഖദ്റിലും രാത്രി നബി (സ) നമസ്കാരത്തിന് പ്രേരിപ്പിച്ചു. സ്വയം ചെ യ്തു കാണിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'ആരെ ങ്കിലും വിശ്വാസത്തോടും പ്രതിഫലമാഗ്രഹിച്ചു കൊണ്ടും റമദാനിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ മുഴുവൻ പൊറുക്കപ്പെടുന്നതാണ്. ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ലൈലത്തുൽ ഖദ്റിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്' (ബുഖാരി, മുസ്ലിം).

ഇത്രയും വ്യക്തമായി കാര്യങ്ങൾ പഠിപ്പിച്ചു നബി (സ), എന്നിരിക്കെ ശഅ്ബാൻ 15നോ, അല്ലെങ്കിൽ റജബി ലെ ആദ്യത്തെ വെള്ളിയാഴ്ചയോ, ഇസ്റാഅ് മിഅ്റാജിന്റെ രാത്രിയിലോ എന്തെങ്കിലും പ്രത്യേക ആരാധനയുണ്ടായിരു ന്നുവെങ്കിൽ അത് നബി(സ) അറിയിച്ചുതരികയോ ചെയ് തുകാണിക്കുകയോ ചെയ്യുമായിരുന്നു. അപ്രകാരം സംഭവി ച്ചിട്ടുണ്ടെങ്കിൽ

അദ്ദേഹത്തിന്റെ സ്വഹാബത്ത് അത് സമുദാ യത്തിന് റിപ്പോർട്ട് ചെയ്യുമായിരുന്നു. അവരത് ഒരിക്കലും മറച്ചുവെക്കില്ല. കാരണം ജനങ്ങളിൽ ഏറ്റവും ഉത്തമരും അമ്പിയാക്കൾക്ക് ശേഷം ജനങ്ങളോട് ഏറ്റവും ഗുണകാം ക്ഷയുള്ളവരുമാണവർ. അവരിൽ അല്ലാഹുവിന്റെ കാരു ണ്യം വർഷിക്കട്ടെ, ആമീൻ.

**********

# الاحتفال بليلة الإسراء والمعراج

## ഇസ്റാഉം മിഅ്റാജും

ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ് റജബ് 27–ാം രാവിന്റെ വിധിയും. ഈ ദിവസത്തിലാണ് ഇസ്റാഅ് മിഅ്റാജ് സംഭവിച്ചതെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ അപ്രകാരം സ്ഥിരീകരിക്കുന്ന യാതൊരു രേഖയും സ്ഥിര പ്പെട്ടു വന്നിട്ടില്ല. അതുകൊണ്ട് തന്നെ ആ രാത്രിയിൽ പ്രത്യേ കമായി വല്ല ആരാധനയും നടത്തുന്നതോ ആഘോഷമാ യി കൊണ്ടാടുന്നതോ അനുവദനീയമല്ല. നേരത്തെ പരാമർ ശിക്കപ്പെട്ട ആധാരങ്ങൾ ഇവിടെയും അവലംബിക്കേണ്ടതാ ണ്. ഇസ്റാഉം മിഅ്റാജും നടന്നത് ഏത് വർഷമെന്നോ ഏ ത് മാസമെന്നോ ഏത് ദിവസമെന്നോ അറിയപ്പെട്ടിട്ടില്ലെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്റാഉം മിഅ്റാജും റജബ് 27നാണ് സംഭവിച്ചതെന്ന വാക്കുകൾ അസത്യമാ ണ്. സ്വഹീഹായ ഹദീസുകളിൽ അതിന് യാതൊരു അടി സ്ഥാനവുമില്ല.

സുന്നത്ത് മുറുകെ പിടിക്കാനും അതിൽ ഉറച്ചു നിൽ ക്കാനും സുന്നത്തിനെതിരായ നീക്കങ്ങളിൽ ജാഗരൂഗരാവാ നും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. അവൻ അതി മാന്യനും അത്യുദാരനുമാകുന്നു.

وآخر دعوانا أن الحمد لله رب العالمين